**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2366** **16-03-2022 - ൽ മറുപടിയ്ക്ക്**

**വകുപ്പുകളുടെ സംയോജനവും പ്രൊമോഷൻ ആനുകൂല്യങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | അഞ്ച് വകുപ്പുകളുടെ സംയോജനം നടക്കുമ്പോൾ എൽ.ഐ.ഡി. & ഇ.ഡബ്ല്യു. (എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം) വിംഗിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന് യാതൊരു വിധത്തിലുള്ള പ്രൊമോഷൻ ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ തീയതി, 17.07.2020 പ്രകാരം ഏകീകരണ ഉത്തരവ് തീയതിയ്ക്ക് മുമ്പ് സ്റ്റേറ്റ് സർവീസിലും സബോർഡിനേറ്റ് സർവിസിലും പ്രവേശിച്ച ഓരോ ജീവനക്കാരനും സർവീസിൽ നിന്നും പിരിയുന്നതുവരെ പഴയ വകുപ്പുകളിലുള്ള Seniority-യും lien-ഉം നിലനിർത്തി പഴയ വകുപ്പിൽ അർഹതപ്പെട്ട എല്ലാ പ്രമോഷനുകൾക്കും അർഹതയുണ്ടായിരിക്കുന്നതാണ് എന്ന് ഉത്തരവായിട്ടുണ്ട്. അർഹമായ എല്ലാ പ്രൊമോഷൻ ആനുകൂല്യങ്ങളും എൻജിനീയറിങ് വിംഗിലെ മിനിസ്റ്റീരിയൽ വിഭാഗത്തിനും ലഭിക്കുന്നതാണ്. |
| (ബി) | വിവിധ വകുപ്പുകളിൽ നിന്നും ഓപ്ഷൻ മുഖേന വന്ന ജീവനക്കാരെ ഉൾപ്പെടുത്തി രൂപീകരിച്ച മിനിസ്റ്റീരിയൽ വിഭാഗത്തിനായുള്ള സ്പെഷ്യൽ റൂൾ/ കേഡർ എന്നിവയുടെ രൂപീകരണം സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ; | (ബി) | വിവിധ വകുപ്പുകളിൽ നിന്നും ഓപ്ഷൻ മുഖേന വന്ന ജീവനക്കാരെ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ എൻജിനീയറിങ് വിങ്ങിൽ രൂപീകരിച്ച മിനിസ്റ്റീരിയൽ വിഭാഗത്തിനായി സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ല. നിലവിലുള്ള കേഡർ സംവിധാനം അനുബന്ധമായി ചേർക്കുന്നു. |
| (സി) | മറ്റുവകുപ്പുകളിൽ ഉള്ളത് പോലെയുള്ള പ്രൊമോഷൻ ആനുകൂല്യങ്ങൾ ഈ വിഭാഗത്തിന് അനുവദിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (സി) | ഓരോ വകുപ്പുകളിലേയും പ്രൊമോഷൻ സാധ്യതകൾ വ്യത്യസ്തമാണ്. തദ്ദേശ സ്വയംഭരണ എൻജിനീയറിങ് വിഭാഗത്തിലെ സ്റ്റാഫ് പാറ്റേൺ പ്രകാരമാണ് നിലവിൽ ടി വകുപ്പിൽ പ്രൊമോഷൻ നടക്കുന്നത്. |

സെക്ഷൻ ഓഫീസർ